# ടൈംസ് ഹയർ എഡ്യൂക്കേഷൻ ഇംപാക്ട് റാങ്കിങ്; അമൃത ഒന്നാം സ്ഥാനത്ത്

കൊല്ലം: ടൈംസ് ഹയർ എഡ്യൂക്കേഷന്റെ ഈ വർഷത്തെ ഇംപാക്ട് റാങ്കിങ്ങിൽ രാജ്യത്തെ ഒന്നാമത്തെ സർവകലാശാലയായി അമൃത വിശ്വവിദ്യാപീഠം. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസന സൂചികകളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി നിർണയിക്കുന്ന റാങ്കിങ്ങിൽ ആഗോളതലത്തിൽ ആദ്യ അമ്പതിലും അമൃത വിശ്വവിദ്യാപീഠം ഇടം പിടിച്ചു. ആഗോള റാങ്കിങ്ങിൽ 41 സ്ഥാനത്താണ് അമൃത വിശ്വവിദ്യാപീഠം. 130 രാജ്യങ്ങളിൽ നിന്നായി 2540 ലധികം സർവകലാശാലകളിൽ നിന്നുമാണ് അമൃത ഈ നേട്ടം കൈവരിച്ചിരിക്കുന്നത്. 148 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഏറ്റവും കൂടുതൽ പങ്കാളിത്തമുള്ള രാജ്യം എന്ന നേട്ടം ഇന്ത്യയും സ്വന്തമാക്കി. നാലാമത്തെ വികസന ലക്ഷ്യം പ്രകാരം ലോകത്ത് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന അഞ്ചാമത്തെ സർവകലാശാലയാണ് അമൃത വിശ്വവിദ്യാപീഠം. കുറഞ്ഞ ചെലവിൽ ശുദ്ധമായ ഊർജ്ജം ഉറപ്പുവരുത്തുന്ന സർവകലാശാല, ലിംഗ സമത്വം, ആരോഗ്യവും ക്ഷേമവും, അടിസ്ഥാന സൗകര്യങ്ങൾ, മലിനജല സംസ്കരണവും ശുദ്ധജലവും, മികച്ച കാലാവസ്ഥ പ്രവർത്തനങ്ങൾ എന്നീ പട്ടികകളിലുംഅമൃത വിശ്വവിദ്യാപീഠം ഇടം പിടിച്ചിട്ടുണ്ട്. ലൈഫ് ലോങ്ങ് ലേണിംഗ് സംരംഭങ്ങൾ, സർവകലാശാല തുടക്കം കുറിച്ച സ്റ്റാർട്ടപ്പുകൾ, സ്ത്രീശാക്തീകരണ പദ്ധതികൾ, ശുദ്ധജലത്തിനും ഊർജത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ, അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസവും കമ്മ്യൂണിറ്റി പ്രാതിനിധ്യവും എന്നീ വിഭാഗങ്ങളിൽ നൂറിൽ നൂറ് മാർക്ക് നേടിയാണ് അമൃത ശ്രദ്ധേയമായ നേട്ടം കൈവരിച്ചത്.

അമൃത സർവകലാശാലയിലെ വിദ്യാർത്ഥികൾ ഗവേഷണ പാഠ്യപദ്ധതിയുടെ ഭാഗമായി രാജ്യത്തെ ഗ്രാമീണ ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നടത്തുന്ന ലിവ്ഇൻലാബ്സ് പദ്ധതിയിലൂടെ രാജ്യത്തെ 25 സംസ്ഥാനങ്ങളിലായി 150 ത്തിലധികം പ്രവർത്തനങ്ങൾ നടപ്പിലാക്കി അതിലൂടെ10 ലക്ഷംത്തോളം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തി. ശുദ്ധജലം, ഗ്രാമീണ വൈദ്യുതീകരണം, ആരോഗ്യസേവനം, സുസ്ഥിര കൃഷി തുടങ്ങി നിരവധി മേഖലയിലും ഇടപെടലുകൾ നടത്തി.

ഈ മാതൃകയെ ലോക സമ്പദ്‌വ്യവസ്ഥാ ഫോറം ഏറ്റവും മികച്ച സുസ്ഥിര വിദ്യാഭ്യാസ മാതൃകയായി ഉയർത്തിക്കാട്ടിയിട്ടുണ്ട്.